1. മണ്ണിലടിയുന്ന പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് സംസ്കരിക്കാവുന്നതാണ്. കൂടാതെ മറ്റിടങ്ങളിൽനിന്നുള്ള നല്ല മണ്ണ് ഉപയോഗപ്പെടുത്തി ഒരു പരിധിവരെ മലിനീകരണത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിയും.

2. മാലിന്യങ്ങളുടെ സ്രോതസ് കണ്ടെത്തുകയും അവിടെത്തന്നെ പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യാവുന്നതാണ്.

3. ഘനലോഹങ്ങൾ ആഗിരണം ചെയ്യാൻ കഴിവുള്ള സസ്യങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള "ഫയ്റ്റോ റെമഡിയേഷൻ" (Phyto remediation)പോലുള്ള നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ച് മലിനമായ മണ്ണിന്റെ ആരോഗ്യം ഒരു പരിധിവരെ വീണ്ടെടുക്കാവുന്നതാണ്.

4. മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

(ഡി) മണ്ണിന്റെ സംരക്ഷണവും ശരിയായ രീതിയിലുള്ള കൃഷിരീതികളും കണക്കിലെടുത്തുള്ള പദ്ധതികളാണ് കൃഷി, മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പുകൾ നടപ്പിലാക്കി വരുന്നത്. മണ്ണിലെ ഘനലോഹങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടത്തെ സംബന്ധിച്ച പഠനങ്ങൾ നടത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കർഷകർക്കും ലഭ്യമാക്കുന്നതും ഇക്കാര്യത്തിൽ പ്രയോജനപ്രദമെന്ന് കരുതുന്നു.

മണ്ണ് സംരക്ഷണ പദ്ധതികൾ

177 (1593) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണ്ണ് സംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മണ്ണിലെ പോഷക ഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം സംസ്ഥാന-കേന്ദ്ര പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് ;

(ഡി) ഇവ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മണ്ണിലെ പോഷക ഘടകങ്ങൾ മണ്ണൊലിപ്പിലൂടെ നഷ്ടപ്പെടാതിരിക്കാനുള്ള സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

(സി) മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

a. സംസ്ഥാന പദ്ധതികൾ :

1. നബാർഡ് സാമ്പത്തിക സഹായത്തോടെ മണ്ണ് ജല സംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്.)
2. ലബോറട്ടറികൾ (മണ്ണ് പരിശോധന)
3. ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ സംരക്ഷത്തിനുള്ള പദ്ധതി
4. സോയിൽ ബേസ്ഡ് അഗ്രോ ടെക്നോളജി ട്രാൻസ്ഫർ സെൽ
5. ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജല സംരക്ഷണം.

b. കേന്ദ്രാവിഷ്കൃത പദ്ധതികൾ :

1. പശ്ചിമ ഘട്ട വികസന പദ്ധതി
2. കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവനത്തിനുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ
3. കാന്തല്ലൂർ വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി (സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ)
4. ദേശീയ സുസ്ഥിര കാർഷിക മിഷൻ പദ്ധതി
5. വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി എന്നീ പഞ്ചായത്തുകളിൽ വരൾച്ചാ നിവാരണത്തിനുള്ള പദ്ധതി (ആർ.കെ.വി.വൈ.)
6. ആദിമ ആദിവാസി സങ്കേതങ്ങളിലെ പാരിസ്ഥിതിക പുനഃസ്ഥാപനത്തിനുള്ള പദ്ധതി.

(ഡി) പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിലും റീജിയണൽ തലത്തിലും സംസ്ഥാന തലത്തിലും കൃത്യമായ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly